പട്ടികജാതി-പട്ടിക വർഗ്ഗക്കാർക്കുവേണ്ടിയുള്ള ശുദ്ധജലവിതരണ പദ്ധതി

1074 [1717] ശ്രീ. എം. കെ. കൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി-പട്ടികവർഗ്ഗക്കാർക്കു വേണ്ടിയുള്ള ശുദ്ധജല വിതരണ പദ്ധതികൾക്ക് പാലക്കാട് ജില്ലയിൽ എത്ര സംഖ്യയാണ് ഇക്കൊല്ലം വകയിരുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിൽ എത്ര സംഖ്യ ഇതിനകം ചെലവായെന്നു വ്യക്തമാക്കുമോ;

(സി) ഏതേതു പദ്ധതികൾക്കു എത്ര വീതം;

(ഡി) ഇതിൽ ഏതൊക്കെ പദ്ധതികൾ ഇക്കൊല്ലം പൂർത്തിയാകും;

(ഇ) പൂർത്തിയാകാത്തവയ്ക്ക് ഇനി എത്ര സംഖ്യകൂടി വേണ്ടി വരുമെന്നാണ് കണക്കാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 6 ലക്ഷം രൂപ

(ബി) 3.201 ലക്ഷം രൂപ ചെലവായിട്ടുണ്ട്.

(സി) *ലിസ്റ്റ് ഇതൊടൊപ്പം അനുബന്ധമായി ചേർത്തിട്ടുണ്ട്.

(ഡി) ഇക്കൊല്ലം ഇതുവരെ ഷോളയാർ, കാട്ടുശ്ശേരി പദ്ധതികളുടെ പണി പൂർത്തിയായിട്ടുണ്ട്. ബാക്കി ആറുപദ്ധതികളുടെ പണി ത്വരിതഗതിയിൽ നടന്നുകൊണ്ടിരിക്കുന്നു.

(ഇ) പൂർത്തിയാകാത്ത ആറു പദ്ധതികൾക്കുവേണ്ടി 5.987 ലക്ഷം രൂപ വേണ്ടിവരും.

പാലക്കാട് ജില്ലയിലെ ജലവിതരണ പദ്ധതി

1075 [1718] ശ്രീ. എം. കെ. കൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) നഗരജലവിതരണത്തിനു വേണ്ടി പാലക്കാട് ജില്ലയ്ക്ക് ഈ വർഷം എത്ര തുകയാണ് വകകൊള്ളിച്ചത്;

(ബി) ഇതിൽ എത്ര സംഖ്യ ഇതിനകം ചെലവായി;

(സി) ഏതേത് പദ്ധതികൾക്കുവേണ്ടി എത്ര സംഖ്യ വീതം ചെലവാക്കിയെന്ന് വ്യക്തമാക്കുമോ;

(ഡി) ഇവയോരൊന്നും പൂർത്തീകരിക്കാൻ എത്ര സംഖ്യകൂടി വേണ്ടിവരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്;

(ഇ) ഇവ ഓരോന്നും എന്നേയ്ക്ക് പൂർത്തീകരിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്?

ഉത്തരം

(എ) 44.50 ലക്ഷം രൂപ

(ബി) 21.64 ലക്ഷം രൂപ (1979 ജനുവരി അവസാനം വരെ)

* അനുബന്ധം V

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം V

[നക്ഷത്രചിഹ്നമിടാത്ത ചോദ്യം 1074 (1717) കാണുക]

LIST—A

List of Schemes under Execution Benefiting Scheduled Caste/Scheduled Tribes in Palghat District, during 1978-79

Name of schemes	Expenditure incurred (Rs. in lakhs)	Remarks
1. Sholayar	1.006	Completed
2. Abbanoor	0.002	
3. Thoonakkadavu	0.874	
4. Keralaparamba	0.164	
5. Velliyad	..	
6. Mulanjoor	1.019	
7. Kattussery	0.135	Completed
8 Annakkal	0.001	
Total	3.201	

LIBRARY ARCHIVES Kerala Legislative Assembly